# പ്രൊഫസർ എം.എസ്. മേനോൻ

**കെ.ജി. പൗലോസ്**

പ്രാചീനഭാരതത്തിലെ വൈജ്ഞാനികഭാഷയായിരുന്നു സംസ്കൃതം. രണ്ടാം ചേരസാമ്രാജ്യത്തിന്റെ കാല(പൊതുവർഷം 800 – 1120)ത്താണ് കേരളത്തിൽ സംസ്കൃതത്തിന് ഔദ്യോഗികാംഗീകാരം ലഭിച്ചത്. ചേരകാലത്ത് ക്ഷേത്രങ്ങളോട് ചേർന്നുള്ള ശാലകളായിരുന്നു സംസ്കൃതപഠനത്തിന്റെ കേന്ദ്രങ്ങൾ. സഭാമഠങ്ങളും ഗുരുകുലങ്ങളും ഇതിന്റെ തുടർച്ചയാണ്. സൈദ്ധാന്തികപഠനങ്ങൾക്കായിരുന്നു ശാലകളിൽ പ്രാമുഖ്യം. പ്രവേശനം ത്രൈവർണ്ണികർക്കായി പരിമിതപ്പെടുത്തിയിരുന്നു.

പാഠശാലകൾക്ക് മുൻപേതന്നെ പള്ളിക്കൂടങ്ങൾ ഇവിടെ ഉണ്ടായിരുന്നു. കേരളത്തിൽ വിദ്യാവിതരണം സാർവ്വത്രികമാക്കിയത് പള്ളിക്കൂടങ്ങളാണ്. ബുദ്ധവിഹാരമാണ് പള്ളി (പള്ളി പുതയ്ക്കുക എന്ന് പഴയ മലയാളത്തിൽ പറഞ്ഞാൽ അർത്ഥം ബുദ്ധമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യുക എന്നാണ്.) പള്ളിയോടു ചേർന്നുള്ള പഠനകേന്ദ്രമാണ് പള്ളിക്കൂടം. വിഹാരങ്ങൾ നശിച്ചപ്പോൾ നാട്ടിൻപുറത്ത് കെട്ടിയുണ്ടാക്കിയ കുടിലുകളിലായി പഠനം. ഈ കുടിപ്പള്ളിക്കൂടങ്ങളാണ് പിൽക്കാലത്ത് ആശാൻ പള്ളിക്കൂടങ്ങളായി മാറിയത്. സംസ്കൃതത്തിന്റെ പ്രാഥമികതലത്തിലുള്ള ശിക്ഷണങ്ങളാണ് ആശാന്മാർ നല്കിയിരുന്നത്. ജീവിതവൃത്തി തേടിയാണ് നാനാലോകർ വിദ്യാർത്ഥികളെ പള്ളിക്കൂടത്തിലേയ്ക്ക് അയച്ചിരുന്നത്. ആയുർവേദം, ഗണിതം, ജ്യോതിഷം, തച്ചുശാസ്ത്രം തുടങ്ങിയ പ്രയുക്തശാസ്ത്രങ്ങൾക്കായിരുന്നു പാഠ്യപദ്ധതിയിൽ പ്രാധാന്യം. നാട്ടിൻപുറത്തെ ഗണകനും, എഴുത്താശാനും, തച്ചനും, കണിയാനും, വേലനും, വൈദ്യനുമൊക്കെ വിദ്യയും ജീവിതവും നൽകിയത് ഈ ഗ്രാമീണപഠനകേന്ദ്രങ്ങളായിരുന്നു. ഹോർത്തൂസ് മലബാറിക്കസ് രചിച്ച ഇട്ടിയച്യുതനും, ശ്രീ നാരായണഗുരുവും കുമാരനാശാനുമെല്ലാം ഈ പഠനപാരമ്പര്യത്തിന്റെ സൃഷ്ടികളാണ്.

പള്ളിക്കൂടത്തിലും ശാലയിലും പഠിപ്പിച്ചത് സംസ്കൃതമായിരുന്നെങ്കിലും പഠനരീതിക്ക് ഭേദമുണ്ടായിരുന്നു. ആശാന്മാർ പള്ളിക്കൂടത്തിലെ സിദ്ധരൂപത്തിൽ ഉദാഹരിക്കുന്നത് വൃക്ഷഃ, കവിഃ, ഗുരുഃ പോലുള്ള പൊതുപദങ്ങളായിരിക്കും. ശാലയിലെ സിദ്ധരൂപത്തിൽ, പക്ഷേ, രാമഃ, ഹരിഃ, വിഷ്ണുഃ പോലുള്ള ദേവനാമങ്ങളായിരിക്കും. ഒരേ സംസ്കൃതത്തിനുതന്നെ രണ്ടു സാംസ്കാരികധാരകൾ! ഈ രണ്ടു ധാരകളിലും പഠിച്ചുവന്നവർ പരസ്പരം സഹകരിച്ച് പ്രവർത്തിച്ചിരുന്നു. കണക്കിന് സംശയം വന്നാൽ മൂത്താശാരി (പെരുന്തച്ചൻ) തിരുമേനിയോടു ചോദിക്കും; തിരുമേനിക്കാണ് ശങ്കയെങ്കിൽ മറിച്ചും.

സൗഹാർദ്ദപരമായ ഈ പാരമ്പര്യമാണ് കേരളത്തിലെ സംസ്കൃതപഠനത്തിന്റെ പ്രത്യേകത. സംസ്കൃതപഠനം ഇവിടെ സമൂഹത്തിന്റെ കീഴ്പാളികളിലേയ്ക്ക് വ്യാപിച്ചതിന്റെ പശ്ചാത്തലമിതാണ്.

ഈ മേൽ-കീഴ് ധാരകളെ സമന്വയിപ്പിച്ച് സംസ്കൃതപഠനത്തിന് ആധുനികകാലത്തൊരു സമീകരണമുണ്ടാക്കിയത് പട്ടാമ്പിയിൽ പുന്നശ്ശേരി ശർമ്മയാണ്. അദ്ദേഹത്തിന്റെ സംസ്കൃതവിദ്യാലയം ബ്രിട്ടീഷ് അധീനതയിലുള്ള മലബാറിലായിരുന്നതിനാൽ ജാതി മതഭേദമില്ലാതെ എല്ലാവരെയും പ്രവേശിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു. തടസ്സമുന്നയിച്ചവരെ 'സരസ്വതിക്ക് തീണ്ടലില്ല' എന്ന സാമൂതിരിയുടെ പ്രഖ്യാപനം കേൾപ്പിച്ച് അദ്ദേഹം വായടിപ്പിച്ചു.[1] ഇതിനെ തുടർന്നാണ് സംസ്കൃതവിദ്യാഭ്യാസത്തിലേയ്ക്ക് മൂന്നാമതൊരു കൈവഴി ഒഴുകിയെത്തുന്നത് - ഇംഗ്ലീഷ് വിജ്ഞാനം. ഈ മൂന്ന് സ്രോതസ്സുകളിലും നിന്ന് ഊർജ്ജം ഉൾക്കൊണ്ടവരായിരുന്നു ഇരുപതാം നൂറ്റാണ്ടിലെ കേരളീയ സംസ്കൃതപണ്ഡിതന്മാർ. ഇവർ പൊതുവെ ലിബറൽ കാഴ്ചപ്പാടുള്ളവരായിരുന്നു. ആധുനികരീതിയിലുള്ള ഗവേഷണപഠനങ്ങളിലാണ് അവരിലധികംപേരും അഭിരമിച്ചത്. കെ. കുഞ്ഞിണ്ണിരാജ, എ.ജി. കൃഷ്ണവാരിയർ, എസ്. വെങ്കിടസുബ്രഹ്മണ്യഅയ്യർ, എൻ.വി. കൃഷ്ണവാരിയർ, പി.സി. വാസുദേവൻ ഇളയത്, കെ.പി. നാരായണപിഷാരടി, ശ്രീകൃഷ്ണശർമ്മ, എം.പി. ശങ്കുണ്ണിനായർ തുടങ്ങിയവർ അടങ്ങിയ പണ്ഡിതമണ്ഡലമാണ് കേരളത്തിലെ സംസ്കൃതപഠനത്തിന് രൂപംനൽകിയത്. അവരുടെ സ്വതന്ത്രസമീപനമാണ് കേരളീയ സംസ്കൃതാന്തരീക്ഷത്തെ മതാതീതവും പുരോഗമനോന്മുഖവും ആക്കിയത്. മറ്റു സംസ്ഥാനങ്ങളിലെ സ്ഥിതി ഇതായിരുന്നില്ല. ഇരുപതാംനൂറ്റാണ്ടിലെ അതിസമ്പന്നമായ ആ പണ്ഡിതപരമ്പരയുടെ അവസാനകണ്ണികളിലൊരാളായിട്ടാണ് പ്രൊഫസർ എം.എസ്. മേനോൻ പ്രത്യക്ഷപ്പെടുന്നത്. ഈ പാരമ്പര്യത്തിന്റെ പ്രത്യേകത അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെയും പ്രവർത്തനങ്ങളെയും ഏറെ സ്വാധീനിച്ചിട്ടുണ്ട്. അതേറ്റവും അധികം പ്രകടമാവുന്നത് ഗവേഷണവിഷയത്തിലാണ്.

**ഗവേഷണം**

മദ്രാസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പ്രസിഡൻസി കോളേജിൽ അധ്യാപകനായിരുന്ന ആദ്യകാലത്ത് തന്നെ ഗവേഷണം നടത്താൻ അദ്ദേഹം ശ്രമിച്ചിരുന്നു. ഡോ. വി. രാഘവന്റെ കീഴിൽ പി.എച്ച്.ഡി.ക്ക് രജിസ്റ്റർ ചെയ്യാനും തീരുമാനിച്ചു. കൂടിയാട്ടവിമർശനഗ്രന്ഥമായ നടാങ്കുശ (പൊതുവർഷം 15-നൂറ്റാണ്ട്) മാണ് ഗവേഷണവിഷയമായി തെരഞ്ഞെടുത്തത്.[2] എന്തോ സാങ്കേതികതകൾ മൂലം അത് നടന്നില്ല. പിന്നീട് എറണാകുളം മഹാരാജാസ് കോളേജിൽ പ്രൊഫസറായശേഷമാണ് അദ്ദേഹം പി.എച്ച്.ഡി. എടുത്തത്; അതും അതികഠിനമായൊരു വിഷയത്തിൽ.

പരമ്പരാഗതമായ സംസ്കൃതപഠനത്തിന്റെ പടവുകൾ ഇവയാണ് - സിദ്ധരൂപം, അമരകോശം, ലഘുത്രയീ (രഘുവംശം, കുമാരസംഭവം, മേഘസന്ദേശം), ബൃഹത്രയീ (മാഘം, കിരാതം, നൈഷധം); അവസാനം ശാസ്ത്രകാവ്യം (ഭട്ടികാവ്യം/സുഭദ്രാഹരണം).

കേരളത്തിൽ സംസ്കൃതജ്ഞാനത്തിന്റെ സർവജ്ഞപീഠമാണ് ബ്രഹ്മദത്തനാരായണന്റെ സുഭദ്രാഹരണമെന്ന വ്യാകരണകാവ്യം. ആസ്വാദനത്തിന് മാത്രമല്ല കവിത, വ്യുത്പത്തിക്കുകൂടിയാണെന്ന് ബോദ്ധ്യപ്പെടുത്താനാണ് കവികൾ ഇത്തരം കാവ്യങ്ങൾ രചിക്കുന്നത് എന്നാണ് എൻ.വി. കൃഷ്ണവാരിയർ നിരീക്ഷിക്കുന്നത്. ഗുഡജിഹ്വികാന്യായമനുസരിച്ച് കഷായം കുടിപ്പിച്ച് നാവിൽ ശർക്കരവെച്ചുകൊടുക്കുന്നതുപോലെയാണ് കർക്കശശാസ്ത്രം കാവ്യഭംഗിയിൽ പഠിപ്പിക്കുന്നത്. വ്യാകരണം മാസ്റ്ററുടെ മുഖ്യവിഷയമല്ല. പലരോടും ചോദിച്ച് മനസ്സിലാക്കിയാണ് ബൃഹത്തായ ആ കാവ്യത്തിന് ഇദംപ്രഥമമെന്ന് പറയാവുന്ന രീതിയിലുള്ള പഠനം തയ്യാറാക്കിയത്. കേരളത്തിലെ ഒന്നാംകിട സംസ്കൃതപണ്ഡിതന്മാരുടെ നിരയിൽ മാസ്റ്റർക്ക് സ്ഥാനം നൽകുന്നതാണ് ഈ പഠനവും പ്രസാധനവും.[3]

**സംസ്കൃതസാഹിത്യസിദ്ധാന്തങ്ങൾ**

അദ്ദേഹം സാഹിത്യരംഗത്ത് സജീവമായ അറുപതുകളിൽ സംസ്കൃതത്തിലെ സൗന്ദര്യശാസ്ത്രം സാഹിത്യവിമർശനത്തിന്റെ പൊതുധാരയിൽ നിന്ന് ഏതാണ്ട് പിന്മാറിക്കഴിഞ്ഞിരുന്നു. ഏവർക്കും മനസ്സിലാകുന്ന രീതിയിൽ അവയെ പുനരാനയിക്കുക എന്നത് ഒരു ജീവിതവ്രതം പോലെ അദ്ദേഹം സ്വീകരിച്ചു. 1964-ൽ തലശ്ശേരിയിൽ രൂപംകൊണ്ട സാഹിത്യസമിതിയുടെ പ്രവർത്തനങ്ങളാണ് ഇതിന് അദ്ദേഹത്തിന് ഏറെ സഹായകമായത്. തലശ്ശേരിയിലും കോഴിക്കോടും കേന്ദ്രമാക്കി നടന്ന സമിതിയുടെ പ്രവർത്തനങ്ങൾ സാഹിത്യരംഗത്ത് ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വലിയൊരു വായനാസമൂഹത്തെ ആകർഷിക്കാനും അവരുടെ അഭിരുചികളെ സംസ്കരിക്കാനും സമിതിയിലെ ചർച്ചകൾക്കും അവയെ ക്രോഡീകരിച്ച് പുറത്തിറക്കിയ ഗ്രന്ഥങ്ങൾക്കും സാധിച്ചിട്ടുണ്ട്.

പൗരസ്ത്യസാഹിത്യദർശനങ്ങളായിരുന്നു സമിതിയുടെ 1966-ലെ ചർച്ചാവിഷയം. കേരളത്തിലെ ഏറ്റവും പ്രമുഖരായ പണ്ഡിതന്മാർ ആ ചർച്ചയിൽ പങ്കെടുത്തു. ആദ്യത്തെ പ്രബന്ധം എൻ.വി.യുടെ 'പൗരസ്ത്യസാഹിത്യദർശനത്തിന് ഒരു അവതാരിക' ആയിരുന്നു. കുഞ്ചുണ്ണിരാജ (ഭാരതീയസാഹിത്യദർശനത്തിന്റെ ആത്മാവ്) പണ്ഡിതരാജൻ കെ. അച്യുതപ്പൊതുവാൾ (കാവ്യസ്വരൂപം), കെപി. നാരായണപ്പിഷാരടി (രസസിദ്ധാന്തം), പി.സി. വാസുദേവൻ ഇളയത് (ധ്വനിദർശനം), ജി.എൻ.പിള്ള (പ്രതിഭ) എന്നിവരായിരുന്നു തുടർന്നുള്ള പ്രബന്ധങ്ങൾ അവതരിപ്പിച്ചത്. മേനോൻ മാസ്റ്റർ രണ്ടു പ്രമുഖരെ പരിചയപ്പെടുത്തി - കാവ്യമീമാംസാ കർത്താവായ രാജശേഖരൻ, വക്രോക്തിസിദ്ധാന്തത്തിന്റെ ആചാര്യനായ കുന്തകൻ. ഇരുവരും താരതമ്യേന അപ്രസിദ്ധരായിരുന്നു, കേരളത്തിൽ. എൻ.വി.യുടെ അതിപ്രൗഢമായ ഒരസാധാരണ ലേഖനം കൂടി ഉണ്ട് ഇക്കൂട്ടത്തിൽ - പണ്ഡിതരാജജഗന്നാഥന്റെ സൗന്ദര്യദർശനം.[4] സാധാരണക്കാർക്ക് വഴങ്ങാത്തൊരു പണ്ഡിതനാണ് ജഗന്നാഥൻ. അന്നുമിന്നും ഈ വിഷയത്തിൽ ഇത്ര ആധികാരികമായ ഒരു ലേഖനം പുറത്തുവന്നിട്ടില്ല. ഇതുപോലെതന്നെ പ്രാധാന്യമർഹിക്കുന്നവയാണ് ഹൃദയസംവാദം (1981), കാവ്യതത്ത്വനിരീക്ഷണം (1995) തുടങ്ങിയ ഗ്രന്ഥങ്ങളും.

പൗരസ്ത്യസിദ്ധാന്തങ്ങളുടെ ശക്തിയും പ്രസക്തിയും അദ്ദേഹത്തിന് നന്നായി അറിയാമായിരുന്നു. ഹൃദയസംവാദമായിരുന്നു, ഒരുപക്ഷേ, മാസ്റ്റർ ഏറ്റവും ഓമനിച്ച ഒരാശയം. ആസ്വാദകമനസ്സ് കണ്ണാടിപോലെയാണ്. കാവ്യത്തിൽ കവി രചിച്ചിരിക്കുന്ന വാങ്മയചിത്രങ്ങൾ അതേപോലെ മനസ്സിൽ പതിയണം. അതിന് കണ്ണാടി നിർമ്മലമായിരിക്കണം. അപ്പോൾ കവിഹൃദയത്തിനും സഹൃദയചേതനയ്ക്കും തമ്മിലുണ്ടാകുന്ന സമീകരണമാണ് ഹൃദയങ്ങളുടെ ഐക്യം - ഹൃദയസംവാദം (Poetic response). ദുർവ്വാസാവിന്റെ ശാപം മൂലം മലിനമായിപ്പോയ ദുഷ്യന്തന്റെ മനസ്സിൽ എത്ര ഓർമ്മിപ്പിച്ചിട്ടും ശകുന്തളയുടെ ചിത്രം പതിഞ്ഞില്ല. അതുപോലെ ആകരുത് സഹൃദയന്റെ ഹൃദയദർപ്പണം. കവികർമ്മംപോലെ തന്നെ ഉദാത്തമായൊരു പ്രക്രിയയാണ് ആസ്വാദനവും. നിരൂപണം കാവ്യരചനപോലെ തന്നെ സ്വതന്ത്രവും മഹനീയവുമായ ഒരു സർഗ്ഗാത്മകപ്രവൃത്തിയാണ്. കാവ്യശേഖരന്റെ 'കസ്ത്വം ഭോഃ' എന്ന് തുടങ്ങുന്ന ശ്ലോകം ഉദ്ധരിച്ച് കവിയുടെയും നിരൂപകന്റെയും ധർമ്മങ്ങൾ അദ്ദേഹം വ്യക്തമാക്കുന്നു. വഴിപോക്കനും എതിരെവരുന്ന കവിയും തമ്മിലുള്ള  സംഭാഷണമാണിത്:

'അങ്ങാരാണ്?'

'ഞാനൊരു കവി.'

'പുതിയകവിത വല്ലതുമുണ്ടോ, കേൾക്കട്ടെ' - വഴിപോക്കന് ഉത്സാഹമായി.

'ഇല്ല, കവിത എഴുത്തുതന്നെ ഞാൻ നിർത്തി.'

'അയ്യോ, അതെന്താണ്?'

'ഗുണദോഷങ്ങൾ മനസ്സിലാക്കി കവിമനസ്സറിഞ്ഞ് ആസ്വദിക്കുന്നവരില്ല; ആരെങ്കിലും ഉണ്ടെന്നുംവരട്ടെ, അയാളൊട്ടു നിഷ്പക്ഷനുമല്ല.'

ഇതനുസരിച്ച് മൂന്നുഗുണങ്ങളാണ് സഹൃദയനുണ്ടാകേണ്ടത് - ഗുണദോഷ വിവേചനശക്തി, കവിമനസ്സ്, നിഷ്പക്ഷത.

ഇതിൽ നിഷ്പക്ഷതയുടെ കാര്യത്തിൽ മാസ്റ്റർക്ക് മതഭേദമുണ്ട് - വായന എന്നത് ഒരനുഭവമാണ്, അതിൽ പക്ഷപാതങ്ങളുണ്ടാകും. ഒരു കവിത എല്ലാവർക്കും ഒരുപോലെയല്ല ആസ്വദിക്കുന്നത്.

അനേകം സിദ്ധാന്തങ്ങളുണ്ട് സംസ്കൃതത്തിലെ സാഹിത്യ സമീക്ഷയിൽ. എല്ലാറ്റിനെയും ഒരുപോലെയല്ല അദ്ദേഹം കാണുന്നത്. ധ്വനിയോടും രസത്തോടും പ്രത്യേകിച്ചൊരു പക്ഷപാതമുണ്ടദ്ദേഹത്തിന്. രചനയുടെയും ആസ്വാദനത്തിന്റെയും മർമ്മം തൊട്ടറിയാൻ രസാനുഭവത്തിനേ സാധിക്കൂ.

ഒരു കൃതിയെ നിരൂപണം ചെയ്യുന്ന വായനക്കാരന് കൃതിയെപ്പറ്റി സമഗ്രമായൊരു ധാരണ വേണം.

‘കാളിദാസന്റെ ശാകുന്തളത്തെയാണ് നിരൂപണം ചെയ്യുന്നതെങ്കിൽ ഒരു ലോകോത്തര കൃതിയാണെന്ന് മാത്രം പറഞ്ഞ് നിർത്തിയാൽ പോരാ. ലോകോത്തരമായതെങ്ങനെയെന്ന് സമർത്ഥിക്കണം. കാളിദാസന്റെ നാടകങ്ങളും കാവ്യങ്ങളും സശ്രദ്ധം വായിക്കണം, അദ്ദേഹത്തിന്റെ കാലത്ത് നിലനിന്ന സാമൂഹികദേശീയാചാരങ്ങളെപ്പറ്റി പഠിക്കണം, ശാകുന്തളത്തിന് പ്രേരകമായ മഹാഭാരതത്തിലേയ്ക്കും നിരൂപകന്റെ നോട്ടം ചെന്നേ തീരൂ... ശാകുന്തളത്തിലെ കഥാപാത്രങ്ങളിലൂടെ കാളിദാസൻ നൽകുന്ന ജീവിതസന്ദേശം, ആവിഷ്കരിക്കുന്ന ജീവിതയാഥാർത്ഥ്യം, കൃതിയിലടങ്ങിയ സർഗ്ഗലാവണ്യം – ഇത്രയും സവിശേഷശ്രദ്ധയ്ക്ക് വിഷയമാക്കേണ്ടിയിരിക്കുന്നു. പ്രയത്നത്തിൽ നിന്നുണ്ടാകുന്ന interpretation മാത്രമേ വിമർശനമാവൂ. കാളിദാസന്റെ ദൃഷ്ടിക്ക് വല്ല പാകപ്പിഴയും പറ്റിയിട്ടുണ്ടെങ്കിൽ അതും നിരൂപകൻ നിർദ്ദേശിച്ചേ പറ്റൂ. കാളിദാസൻ ദോഷാതീതനാണെന്നുള്ള സിദ്ധാന്തം – മുൻകൂട്ടിയുള്ള ധാരണ, അയാൾക്കുണ്ടാകരുതെന്ന് താൽപര്യം.’[5]

സംസ്കൃതത്തിലെ കാവ്യമീമാംസയുടെ സവിശേഷതകൾ വിവരിക്കുമ്പോൾ തന്നെ അതിന്റെ പരിമിതികളെക്കുറിച്ചും അദ്ദേഹം ബോധവാനായിരുന്നു. സംസ്കൃതത്തിലെ വിമർശനം അധികവും വ്യാഖ്യാനമാണ്, വാക്യത്തിലൊതുങ്ങിനിന്നു; പ്രബന്ധവ്യാപിയായി വരുന്നില്ല. അതുകൊണ്ട് മാരാരുടെ ഭാരതപര്യടനം പോലെ സമഗ്രമായ വിമർശനഗ്രന്ഥം സംസ്കൃതത്തിലുണ്ടാക്കാൻ സാദ്ധ്യത കുറവാണ്. രാമായണ മഹാഭാരതങ്ങളെ പ്രബന്ധവ്യാപിയായി വിലയിരുത്തുന്നുണ്ട് ആനന്ദവർദ്ധനൻ. എങ്കിലും സൂചനയേയുള്ളൂ, വിവരണം നൽകിയിട്ടില്ല.

**വിമർശകനെന്ന നിലയിൽ**

തന്റെ കാലഘട്ടത്തിലെ മലയാളത്തിലെ ഒട്ടുമിക്ക കൃതികളും അദ്ദേഹം നിരൂപണം ചെയ്തിട്ടുണ്ട്. ജി, വൈലോപ്പിള്ളി, ബാലാമണിയമ്മ തുടങ്ങിയവരുടെ കവിതകൾ ഒക്കെ അദ്ദേഹം നിരൂപണം ചെയ്തിട്ടുണ്ട്. പൊതുവെ സൗമ്യമാണ് സമീപനം. അതേസമയംതന്നെ ചില പ്രവണതകളോടും കാപട്യങ്ങളോടും സന്ധിചെയ്യാൻ അദ്ദേഹത്തിനാവില്ല. നിശിതമാകും വിമർശനമപ്പോൾ. 1960 – കളിൽ നോവലിന്റെ മേഖലയിലുണ്ടായ പെരുപ്പത്തെ അതിതീക്ഷണമായാണ് അദ്ദേഹം വിലയിരുത്തുന്നത്.[6] 1950–60 കാലങ്ങളിൽ നോവലെഴുത്തുകാരുടെ ഒരു പുതിയ തലമുറ രംഗത്തുവന്നു. എം.ടിയും പാറപ്പുറവും കോവിലനുമൊക്കെ തങ്ങളുടെ അനുഭവങ്ങൾ വായനക്കാരുമായി പങ്ക് വെച്ചു. ചെറുകാടിനെപ്പോലുള്ളവർ രസിപ്പിക്കുന്നതിനപ്പുറം ചില ലക്ഷ്യങ്ങൾ നോവലിനുണ്ടെന്ന് തെളിയിച്ചു. സി. രാധാകൃഷ്ണൻ നോവലിലേക്കെത്തിനോക്കിയതും ഇക്കാലത്താണ്. കെ. സുരേന്ദ്രനും രാജലക്ഷ്മിയും വ്യത്യസ്തങ്ങളായ അനുഭവങ്ങൾ പങ്കുവെച്ചു. എന്നാൽ അടുത്ത ദശകത്തിൽ ചില എഴുത്തുകാർ പ്രതിഭവറ്റിയെന്നറിയാതെ വീരപ്രഖ്യാപനങ്ങളുമായി വന്നു. കേശവദേവിന്റെ ആത്മകഥയാണ് അവയിലൊന്ന്. അദ്ദേഹമിക്കാലത്ത് അസ്തമയത്തിന്റെ പ്രഭുവാണ്. തകഴിയും ആ വഴിക്ക് നീങ്ങുന്നു. ‘ആകാശം’ ഒരു ക്ഷുദ്രനോവലാണ്. പല നോവലുകളും തകഴിയുടെ പഴയ മേൽവിലാസം

കൊണ്ടുമാത്രം ശ്വസിച്ചു ജീവിക്കുകയാണ്. പണ്ടെഴുതിയ ചെറുകഥയെ പൊടിപ്പും തൊങ്ങലും വെച്ച് നോവലാക്കാൻ ശ്രമിക്കുന്നവരുണ്ട്. നോവലിനുപകരം ചിലരെഴുതുന്നത് പ്രബന്ധമാണ്, ഉദാഹരണം വിലാസിനി. പാറപ്പുറത്തിന്റെയും കോവിലന്റെയും പട്ടാളക്കഥകൾ തീക്ഷ്ണങ്ങളാണ്.

വിമർശിക്കപ്പെടുന്ന നോവലിസ്റ്റാണ് കാക്കനാടൻ, കാരണം സെക്സും മൃത്യുവും മതവുമാണ് അദ്ദേഹത്തിന്റെ വിഷയങ്ങൾ. കാമുവിന്റെ ആരാധകരാണ് ഏറ്റവും പുതിയ എഴുത്തുകാർ. ഈ കാലഘട്ടത്തിലെ എഴുത്തുകാരിൽ പ്രത്യേക പ്രശംസയ്ക്ക് പാത്രമായ രണ്ടുപേരുണ്ട് - വി.കെ.എൻ, ഒ.വി. വിജയൻ. ഉള്ളുതുറന്ന് ചിരിക്കാൻ വകതരുന്ന പ്രസന്നമായ ഹാസ്യത്തിന്റെ ഉടമയാണ് വി.കെ.എൻ. ദുഃഖത്തിന്റെ ഇതിഹാസമാണ് ഖസാക്കിന്റെ ഇതിഹാസം.

ഒരു ദശകത്തിലെ നോവലുകളെപ്പറ്റി എഴുതുന്നത് പൂർണ്ണമാകാൻ ഇടയില്ല. എങ്കിലും ആ ദശകത്തെ നിരൂപണം ചെയ്യേണ്ടിവരുന്നത് ചില പുതിയ പ്രവണതകളുടെ പേരിലാണ്. കുപ്രസിദ്ധമായ വിമോചനസമരത്തിന് ശേഷമുള്ള ആ പതിറ്റാണ്ട് ആധുനികതയുടെ പേരിൽ ഇറക്കുമതി ചെയ്യപ്പെട്ട അരാഷ്ട്രീയതയുടെ കാലമായിരുന്നു. അവിടെയാണ് നിരൂപകന്റെ ചോദ്യം –'ഈ പിറവി എത്രമാത്രം അഭിലഷണീയമാണ്? സ്വന്തമായി ഒരു കാഴ്ച്ചപ്പാടുള്ളതായി, ഉരുത്തിരിഞ്ഞ വ്യക്തിത്വമുള്ള കലാശില്പം എന്നവകാശപ്പെടാവുന്ന എത്ര നോവലെഴുത്തുകാർ ഇക്കൂട്ടത്തിലുണ്ട്?' 1940 മുതലുള്ള ദശകം ആശാസ്യമായ പുരോഗതിയുടെതായിരുന്നു. 1950 കളിൽ അത് തുടർന്നു. ആ പ്രത്യാശയുടെ നാശമാണ് ഈ മൂന്നാം ദശകത്തിലെ കലാസൃഷ്ടികൾ മുന്നോട്ടു വെയ്ക്കുന്നത്. നിരാശയും അരാഷ്ട്രീയതയും വ്യക്തിവാദവുമാണ് ഈ പതിറ്റാണ്ടിലെ സാഹിത്യം മലയാളിക്ക് നൽകിയത്. ആധുനികതയെന്നു പേരിട്ടാലും അതിലൊരു രാഷ്ട്രീയമുണ്ട്; അതിനെയാണ് അദ്ദേഹം എതിർക്കുന്നത്. അപ്പോൾ പോലും ആധുനികതയുടെ പേരിൽ അക്കാലത്ത് ഏറെ പഴികേട്ട ഖസാക്കിന്റെ ഇതിഹാസത്തിന്റെ മഹത്വം മാസ്റ്റർ തിരിച്ചറിയുന്നുമുണ്ട്. അതാണ് വിമർശകൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ വിജയം.

**സാഹിത്യമീമാംസയും പാശ്ചാത്യനിരൂപണവും**

ആദ്യകാലസംസ്കൃതപണ്ഡിതന്മാർ ഭാരതീയകാവ്യദർശനങ്ങളെ പാശ്ചാത്യസാഹിത്യനിരൂപണവുമായി ബന്ധിപ്പിക്കുന്നതിൽ പ്രായേണ വിമുഖരായിരുന്നു. സി.എസ്. നായരെപ്പോലുള്ളവർ അപവാദങ്ങളാണ്. മുണ്ടശ്ശേരിയാണ്, ധീരമായ ഒരു നിലപാട് എടുത്തത്. കാവ്യപീഠിക ഈ നിലയിൽ വലിയൊരു കാൽവെയ്പാണ്. സിദ്ധാന്തങ്ങളുടെ വിശകലനങ്ങളും താരതമ്യത്തിന്റെ മാനദണ്ഡങ്ങളും കുറ്റമറ്റതാണോ എന്നതല്ല പ്രശ്നം, പേജുകളോളം എഴുതിക്കൂട്ടിയിട്ടും കാര്യമെന്തെന്ന് മനസ്സിലാകാത്ത വായനക്കാരന് ഒന്നോ രണ്ടോ വാക്യത്തിൽ ഗ്രഹിക്കാൻ പറ്റുന്ന വ്യക്തത താരതമ്യപഠനത്തിൽ ലഭിക്കുന്നു

എന്നതാണ്. ഉദാഹരണത്തിന്, കാവ്യപീഠികയിലെ ഒരു വാക്യം എടുക്കുക– 'കാവ്യത്തിൽ എന്ത് എന്നതിനുത്തരം രസം, എങ്ങിനെ എന്നതിന് ധ്വനി.' രസത്തേയും ധ്വനിയെയും ഇതിലധികം വ്യക്തതയോടെ അവതരിപ്പിക്കാൻ മറ്റാർക്കും പറ്റില്ല.

താരതമ്യപഠനത്തിന്റെ മറ്റൊരു മാതൃകയാണ് 'വള്ളത്തോളിന്റെ കാവ്യശില്പം' എന്ന എൻ.വി. കൃഷ്ണവാരിയരുടെ ഗ്രന്ഥം. ശൈലീവിജ്ഞാനീയത്തിന്റെ അടിസ്ഥാന ത്തിലാണ് അതിലെ അപഗ്രഥനം.

കേരളത്തിലെ കോളേജുകളിലും യൂണിവേഴ്സിറ്റികളിലും സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇത്തരം കാര്യങ്ങളൊന്നും പഠിക്കാൻ യാതൊരവസരവുമില്ലായിരു ന്നു. കോഴിക്കോട് സർവ്വകലാശാലയിൽ മേനോൻ മാസ്റ്റർ പിജി കോഴ്സ് തുടങ്ങിയപ്പോൾ പട്ടാമ്പി കോളേജിൽ മാത്രമായിരുന്നു ആ കോഴ്സ് ഉണ്ടായിരുന്നത്. യൂണിവേഴ്സിറ്റി യുടെ സിലബസ് ആധുനിക കാലത്തിനൊത്തവണ്ണം പരിഷ്കരിക്കുകയായിരുന്നു ബോർഡ് ഓഫ് സ്റ്റഡീസ് ആദ്യം ചെയ്തത്. അതിന്റെ ഭാഗമായിട്ടാണ് പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങൾ സിലബസ്സിൽ ഉൾപ്പെടുത്തിയത്. കേരളത്തിൽ ആദ്യമായി ട്ടായിരുന്നു ഇതുപോലുള്ള വിഷയങ്ങൾ സംസ്കൃതത്തിന്റെ സിലബസ്സിൽപെട്ടത്. അന്നു പട്ടാമ്പിയിൽ പ്രൊഫസറായിരുന്ന എനിക്കും ഈ പരിഷ്കരണശ്രമങ്ങളിൽ എളിയൊരു പങ്കുണ്ടായിരുന്നു. താരതമ്യപഠനത്തിന് മാതൃകകളൊന്നും മുൻപിൽ ഇല്ലായിരുന്നു. ഞങ്ങ ളിരുവരും പരസ്പരം ചർച്ചചെയ്താണ് ആദ്യവർഷങ്ങളിൽ ഒരു മാർഗരേഖയുണ്ടാക്കി യത്. ഇതിന്റെ ഗുണമുണ്ടായത് ഈ യൂണിവേഴ്സിറ്റിയിൽ പഠിച്ച വിദ്യാർത്ഥികൾക്കാണ്. ആധുനികവും പുരോഗമനോന്മുഖവുമായ കാഴ്ചപ്പാടോടെ സംസ്കൃതം പഠിച്ചിറങ്ങാൻ ഇത്തരം ആധുനികീകരണപ്രവർത്തനങ്ങൾ സഹായിച്ചു. ഭരതനെപ്പറ്റി പഠിക്കുമ്പോൾ ഏതാണ്ടതേകാലത്ത് ഗ്രീസിൽ നാടകചർച്ചകൾ നയിച്ച അരിസ്റ്റോട്ടിലിനെ പഠിക്കുകയും രസത്തെ കഥാർസിസുമായി താരതമ്യപ്പെടുത്തുകയും ചെയ്യുന്നത് വിദ്യാർത്ഥികളുടെ പൊതുബോധത്തെയും അന്വേഷണത്വരയെയും ത്രസിപ്പിക്കുമെന്നതിന് സംശയമില്ല. ഇത്തരത്തിൽ ഊർജ്ജസ്വലമായ ഒരു വിദ്യാർത്ഥിസമൂഹത്തെ സൃഷ്ടിക്കാൻ കഴിഞ്ഞതാണ് മേനോൻ മാസ്റ്ററുടെ ഏറ്റവും വലിയ സംഭാവന.

**കലയിലെ വ്യക്തി – സമഷ്ടിവാദങ്ങൾ**

പാവറട്ടിയിലെ സംസ്കൃതവിദ്യാലയത്തിലായിരുന്നു അദ്ദേഹം സംസ്കൃതത്തിൽ ഉപരിപഠനം നിർവ്വഹിച്ചത്. ആരെയും അമ്പരപ്പിക്കുന്ന തരത്തിലുള്ള ഒരു പണ്ഡിത സമൂഹം അന്നവിടെ അദ്ധ്യാപകരായിട്ടുണ്ടായിരുന്നു. കെ.പി. നാരായണപിഷാരടി, വാസുദേവൻ ഇളയത്, എം.പി. ശങ്കുണ്ണി നായർ തുടങ്ങിയവർ. ചെറുകാട് ആയിരുന്നു മലയാളാദ്ധ്യാപകൻ. ഇവരിൽ നിന്ന് സംസ്കൃതത്തിന്റെ ഉപരിപാഠങ്ങൾ മാത്രമല്ല, സമൂഹത്തിൽ നടക്കുന്ന മാറ്റങ്ങളേപ്പറ്റിയും അദ്ദേഹം പഠിച്ചിരുന്നു, വിശേഷിച്ച് ചെറുകാടിൽ നിന്ന്. കോവിലൻ അദ്ദേഹത്തിന്റെ സഹപാഠി ആയിരുന്നു. ഒരിക്കൽ,

കോളേജിൽ അതിഥി ആയെത്തിയ ഒരു സായ്പ് സ്വാതന്ത്ര്യസമരത്തെ പുച്ഛിച്ചു സംസാരിച്ചതുകേട്ട് പ്രതിഷേധിച്ച് പഠനം മതിയാക്കി പട്ടാളത്തിൽ പോയ ആളാണ് കോവിലൻ. സായ്പിനോടായിരുന്നില്ല കോവിലന്റെ പ്രതിഷേധം; നിന്ദകേട്ട് മിണ്ടാതിരുന്നവർക്കെതിരായിരുന്നു. പുറത്ത് അടിച്ചുയരുന്ന സ്വാതന്ത്ര്യസമരത്തിന്റെ അലകൾ വിദ്യാർത്ഥികളെ സ്വാധീനിച്ചു. സംസ്കൃതം പഠിച്ച എം.എസ്. മേനോന്റെ ആദ്യ രചനകളിലൊന്ന് ലോകമാന്യ ബാലഗംഗാധര തിലകന്റെ ജീവചരിത്രമായത് യാദൃച്ഛികമല്ല. വിദ്യാർത്ഥി ആയിരുന്ന കാലത്ത് തന്നെ അദ്ദേഹത്തിൽ അങ്കുരിച്ചതാണ് തിലകഭക്തി.[7] വിദ്യാലയത്തിലെ അന്തരീക്ഷവും പുറത്തെ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളും അദ്ദേഹത്തെ പുരോഗമനരാഷ്ട്രീയത്തിലേയ്ക്ക് ആകർഷിച്ചു. അദ്ദേഹത്തിന്റെ സാഹിത്യ ചിന്തകളിൽ ഈ പുരോഗമനവീക്ഷണം പ്രകടമാണ്.

സാഹിത്യത്തിന് സമൂഹത്തോടുള്ള ബന്ധം പ്രധാനപ്പെട്ട ഒരു ചർച്ചാ വിഷയമായിരുന്നു, പുരോഗമനസാഹിത്യപ്രസ്ഥാനങ്ങളുടെ ആവിർഭാവകാലത്ത്. കലയുടെ ലക്ഷ്യത്തെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു, അദ്ദേഹത്തിന്.

> 'മാനവസംസ്കാരത്തെ വെല്ലുവിളിക്കുന്ന തത്ത്വശാസ്ത്രാഭാസങ്ങൾ, മനുഷ്യന്റെ ഏകതയ്ക്ക് വിഘാതമായി നിൽക്കുന്ന വർഗ്ഗീയ ചിന്താഗതികൾ, എന്നോ മണ്ണടിയേണ്ട അന്ധവിശ്വാസങ്ങളെ തട്ടിപ്പൊത്തുന്ന മതവിശ്വാസങ്ങൾ, ജനാധിപത്യത്തിന്റെ ആവശ്യത്തെയും നിലനില്പിനെയും വളർച്ചയെയും ചോദ്യം ചെയ്യുന്ന വ്യക്തിവാദം – ഇവയെ ഒക്കെയും അറുത്തു വീഴ്ത്താനുള്ള ശസ്ത്രമാകണം കല'

ആദ്യകാലം മുതൽ ഈ നിലപാടിൽ അദ്ദേഹം ഉറച്ചുനിന്നു. എന്നു മാത്രമല്ല, സോഷ്യലിസ്റ്റ് തത്ത്വസംഹിതയുടെ പിൻബലത്തോടെ വളർന്നുവന്ന സമഷ്ടി (collectivism) വാദത്തിന് പ്രതിക്രിയയെന്നോണം പുറപ്പെട്ട വ്യക്തിവാദത്തെ (individualism) നഖശിഖാന്തം എതിർക്കുകയും ചെയ്തു. കല കലയ്ക്കുവേണ്ടി എന്ന വാദത്തെ അംഗീകരിക്കാൻ അദ്ദേഹത്തിനായില്ല. കലാപ്രവർത്തനം ഒരു സാമൂഹ്യവ്യാപാരമാണെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു. അതിർകവിഞ്ഞ ആത്മീയവാദത്തോട് അദ്ദേഹത്തിന് പുച്ഛമായിരുന്നു.

സംസ്കൃതത്തിന്റെ ആത്മാവും സൗന്ദര്യവും കണ്ടെത്തിയ പണ്ഡിതനായിരുന്നു പ്രൊഫസർ എം.എസ് മേനോൻ. എന്നാൽ സംസ്കൃതത്തിന്റെ പേരിൽ ഇന്നു പ്രചരിപ്പിക്കുന്ന അസംബന്ധങ്ങൾ അദ്ദേഹം പൊറുക്കുമായിരുന്നില്ല. സംഘർഷവും വർഗ്ഗീയതയും വിഘടനവാദവും വളർത്താനുള്ള ഉപകരണമായി സംസ്കൃതം മാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് മാസ്റ്ററുടെ ഓർമ്മകൾ ഏതൊരു സംസ്കൃത പ്രണയിക്കും പ്രചോദനമായിരിക്കും.

**കുറിപ്പുകൾ**

1. പ്രിൻസിപ്പലെന്നനിലയിൽ വാർഷികദിനത്തിൽ നമ്പി അവതരിപ്പിക്കുന്ന റിപ്പോർട്ടിൽ അവിടെ പഠിക്കുന്ന മുന്നൂറോളം കുട്ടികളുടെ ജാതിയും മതവും വേർതിരിച്ചുള്ള കണക്കുകൾ ഉണ്ടായിരുന്നു. സമൂഹത്തിന്റെ എല്ലാവിഭാഗത്തിലുംപെട്ടവർ തന്റെ വിദ്യാലയത്തിൽ പഠിക്കുന്നുണ്ടെന്ന് അധികാരികളെ അറിയിക്കാനുള്ള ഒരു ഉപായമായിരുന്നിരിക്കാം ഇത്. തിരുവിതാംകൂറിൽ നിന്നും കൊച്ചിയിൽ നിന്നും കീഴാളവിദ്യാർത്ഥികൾ പട്ടാമ്പിയിൽ പഠിക്കുന്നുണ്ടായിരുന്നു. മുസ്ലീം വിദ്യാർത്ഥികളുമുണ്ടായിരുന്നു. നമ്പിയുടെ ശിഷ്യനായിരുന്നു കുര്യാക്കുമാസ്റ്റർ. അദ്ദേഹം സ്ഥാപിച്ച സാഹിത്യദീപിക വിദ്യാലയത്തിലായിരുന്നു എം. എസ്. മേനോൻ പഠിച്ചത്.

2. 1991-ൽ തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ നിന്ന് ഇംഗ്ലീഷ് പരിഭാഷയും പഠനവും ചേർത്ത് നടാങ്കുശം ഞാൻ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതുമായി ബന്ധപ്പെട്ട ചർച്ചകളിലാണ് ഇക്കാര്യങ്ങൾ എന്നോട് പറഞ്ഞത്. തുടർന്ന് കൂടിയാട്ടത്തിൽ അദ്ദേഹത്തിന്റെ കീഴിൽ ഗവേഷണം നടത്തിയാണ് എനിക്ക് പി. എച്ച്. ഡി. ലഭിച്ചത്.

3. The Subhadraharana of Brahmadatta Narayana എന്ന പേരിൽ ഈ ഗവേഷണ പ്രബന്ധം കോഴിക്കോട് മാതൃഭൂമി 1983-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

4. പൗരസ്ത്യ സാഹിത്യദർശനം, കറന്റ് ബുക്സ്, തൃശൂർ. 1968 -ൽ പുറത്തിറങ്ങിയ ആദ്യപതിപ്പിന് ശേഷം അനേകം പതിപ്പുകൾ ഇതിനുണ്ടായിട്ടുണ്ട്. 1980 -ലെ മൂന്നാം പതിപ്പിലാണ് ജഗന്നാഥ പണ്ഡിത രാജന്റെ സൗന്ദര്യദർശനം ആദ്യമായി ഉൾപ്പെടുത്തിയത്.

5. കല ശാസ്ത്രീയ യുഗത്തിൽ - 1957 പുറം 55. സത്യനാഥ് എന്ന പേരിലാണ് ഇത് പ്രസിദ്ധീകരിച്ചത്. സർക്കാർ ഉദ്യോഗസ്ഥർക്ക് പുസ്തക പ്രസിദ്ധീകരണത്തിന് നിയന്ത്രണങ്ങളുണ്ടായിരുന്നു, അന്ന്. 1999-ൽ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്.

6. ഹൃദയസംവാദം - 1981, പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്. പേജ് 71- മൂന്നാമത്തെ വസന്തമെന്ന 1970-ൽ എഴുതിയ ലേഖനം.

7. ലോകമാന്യബാലഗംഗാധരതിലകൻ - 1968 കറന്റ് ബുക്സ്, തൃശൂർ.

---

ഡോ. കെ.ജി. പൗലോസ്: അധ്യാപകൻ; പ്രിൻസിപ്പൽ, സംസ്കൃതകോളേജ്; റജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല; വൈസ്ചാൻസലർ, കേരളകലാമണ്ഡലം കല്പിതസർവ്വകലാശാലാ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡിയിൽ ഫെല്ലോ ആയിരുന്നു. E-mail: kgpaulose@gmail.com, www.kgpaulose@info.com.